പ്രഭാഷണം

●

ബാലചന്ദ്രൻ വടക്കേടത്ത്

# ഇസ്‌ലാമികദർശനത്തെ എഴുത്തിൽ ആവിഷ്കരിക്കണം

**എഴുത്തുകാരൻ** അവന്റെ ചുറ്റുപാടുകളെ വായിക്കുന്ന ആളാണ്. ഇസ്‌ലാമിനെ മാറ്റിനിർത്തിക്കൊണ്ട് കേരളത്തിൽ ഒരെഴുത്തുകാരന് ഒരിക്കലും തന്റെ ചുറ്റുപാടുകളെ വായിക്കാൻ സാധ്യമല്ല. ഇസ്‌ലാംവായന നമ്മുടെ സമൂഹത്തിന്റെ കൂടി വായനയാണ്. ഒരിക്കലും ഇസ്‌ലാമൊരു അപരനായി എനിക്ക് തോന്നിയിട്ടില്ല.

ഞാൻ പഠിക്കുന്ന കാലത്ത് തൊട്ടടുത്ത ഒരു കടയിൽ പോയി ചായ കുടിക്കുമായിരുന്നു. അന്ത്രുമാനിക്ക എന്ന ഒരാളാണ് ചായക്കട നടത്തിയിരുന്നത്. അന്ത്രുമാനിക്കയുടെ ചായ കുടിച്ചുകൊണ്ടാണ് പ്രീഡിഗ്രി വരെ ഞാനെന്റെ ഓരോ ദിവസവും ആരംഭിച്ചിരുന്നത്. 'ഇക്ക' എന്ന പ്രയോഗം സാഹോദര്യത്തിന്റെ അംശമുള്ളതാണ്. എന്റെ ചുറ്റുപാടിനെ വായിക്കുമ്പോൾ ഒരിക്കലും ആ അവസ്ഥയെ വേറിട്ടു വായിക്കാൻ എനിക്കു സാധിക്കുകയില്ല. മാത്രവുമല്ല അന്ത്രമാനിക്ക തരുന്ന ചായ പ്രതീകാത്മകമായ ഒരു യാഥാർഥ്യമാണ്. നമ്മുടെ പൈതൃകത്തിന്റെ വേരുകൾ തേടിപ്പോകുമ്പോൾ ഇസ്‌ലാമിൽ നിന്നുള്ള ഒരു ജലാംശം നമ്മളിലേക്ക് കടന്നു വരുന്നത് കാണാനാകും. അതുകൊണ്ട് സാഹിത്യത്തിലും കലയിലുമൊന്നും ഇസ്‌ലാമിനെ ഞാൻ മാറി വായിച്ചിട്ടില്ല, എനിക്കങ്ങനെ അപരനായി തോന്നിയിട്ടില്ല.

എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ മുസ്‌ലിംകളാണ്. എന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്ത് മരിച്ചുപോയ

**നമ്മുടെ പൈതൃകത്തിന്റെ വേരുകൾ തേടിപ്പോകുമ്പോൾ ഇസ്‌ലാമിൽ നിന്നുള്ള ഒരു ജലാംശം നമ്മളിലേക്ക് കടന്നു വരുന്നത് കാണാനാകും. അതുകൊണ്ട് സാഹിത്യത്തിലും കല യിലുമൊന്നും ഇസ്‌ലാമിനെ ഞാൻ മാറി വായിച്ചിട്ടില്ല, എനി ക്കങ്ങനെ അപരനായി തോന്നിയിട്ടില്ല.**

---

പ്രശസ്ത നോവലിസ്റ്റ് കൊച്ചുബാവയാണ്. എനിക്കെടുത്തുവെച്ച ചോറും അവന് എടുത്തുവെച്ച ചോറും ഒരേ പാത്രത്തിൽനിന്ന് ഞങ്ങൾ രണ്ടുപേരും പകുത്ത് കഴി ച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഇസ്‌ലാമിനെക്കുറിച്ച് ഒരപരത്വം എനിക്ക് തോന്നിയി ട്ടില്ല. ഇത് എന്റെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പറയുന്ന കാര്യമാണ്.

ആധുനിക സാഹിത്യത്തിന്റെ ദർശനമായി പലപ്പോഴും കയറി വന്നിട്ടുള്ളത് ക്രൈസ്തവ ബിംബങ്ങളാണ്. അല്ലെങ്കിൽ ക്രൈസ്തവ മിത്തോളജിയാണ്. മലയാള എഴുത്തുകാർ, ഇന്ത്യയിലെ മിത്തോളജി കൈകാര്യം ചെയ്യുന്നുവെന്ന് പറയുന്ന വർതന്നെ സ്വാംശീകരിച്ചത് പലപ്പോഴും ക്രൈസ്തവ മിത്തോളജിയാണ്. എന്തുകൊണ്ട് ഇസ്‌ലാം മിത്തോളജി സാഹിത്യത്തിന്റെ ഭാഗമായി വന്നില്ല? ഇതേക്കുറിച്ച് അന്വേ ഷണം നടത്തിയതിൽനിന്ന് എനിക്ക് മനസ്സിലായത് ഇസ്‌ലാമുമായി ബന്ധപ്പെട്ട ഒരു വിശകലനം അനിവാര്യമാണെന്നാണ്. മതമെന്നത് രണ്ട് രീതിയിലാണ് വ്യാഖ്യാനി ക്കപ്പെടുന്നത്. ഒന്ന് പ്രേതാരാധനയുമായി ബന്ധപ്പെട്ടുള്ളതാണ്. മരിച്ചുപോയവരെ നമ്മൾ ഓർക്കുകയും അവരെ ആദരിക്കുകയും അവരെ നിലനിർത്തിക്കൊണ്ട് മത ത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്ന ഒരു തലം മതങ്ങളിൽ കടന്നുവരുന്നു ണ്ട്. അതാണ് പലപ്പോഴും മിത്തോളജിയായി മാറിപ്പോകുന്നത്. ക്രിസ്തുമതവുമായി ബന്ധപ്പെട്ട് അത്തരം ധാരാളം മിത്തോളജികൾ കാണാനാകും. അതേസമയം മതത്തെ വേറൊരു രീതിയിലും നമുക്ക് കാണാനാകും. അത് അനന്തമായ ചില സാധ്യത കളെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു തരുന്ന ഒരാശയമാണ്. പ്രേതാരാധന യുമായി ബന്ധപ്പെട്ടുകൊണ്ട് മതങ്ങളെ വിശകലനം ചെയ്യുന്ന ഒരു സമീപനവും, അനന്ത സാധ്യതകളുടെ അറിവുകൾ പകർന്നു തരുന്ന ഒരു ദർശനത്തിന്റെ തല ത്തിൽ നിന്നുകൊണ്ട് മതങ്ങളെ വിശകലനം ചെയ്യുന്ന മറ്റൊരു തലവും കടന്ന് വരുന്നു എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അത് എന്നെ വളരെയധികം വ്യാകുല പ്പെടുത്തിയിട്ടുണ്ട്. അതേക്കുറിച്ച് അന്വേഷിച്ചപ്പോൾ എനിക്ക് തോന്നിയത് ഇസ്‌ലാം മതവുമായി ബന്ധപ്പെട്ടുകൊണ്ട് അത്തരം മിത്തോളജികൾ അധികമില്ല എന്നാണ്. ദർശനമാണ് ഇസ്‌ലാമിനുള്ളത്. മിത്തോളജികൾ ഇല്ലാത്തതുകൊണ്ടാണ്, സാഹിത്യ കാരന്മാർ ക്രൈസ്തവ മിത്തോളജികൾ സാഹിത്യത്തിനും നോവലുകൾക്കും ദർശ നങ്ങൾക്കുമൊക്കെ ഉപയോഗിക്കുമ്പോൾ ഇസ്‌ലാമുമായി ബന്ധപ്പെട്ട മിത്തോളജി കൾ സാഹിത്യത്തിൽ കടന്നുവരാതെ പോകുന്നത്. കാരണം, ഇസ്‌ലാം ഒരു ദർശന മാണ്. അപ്പോൾ മതങ്ങളിൽ തന്നെയുള്ള വ്യത്യാസങ്ങൾ പരിശോധിച്ചിട്ടുവേണം ഇസ്‌ലാമിന്റെ വായന നടത്തേണ്ടത്; ക്രൈസ്തവ വായനയും ഹൈന്ദവവായനയും നടത്തേണ്ടത്. ഒരു കഥാപാത്രത്തെ സൃഷ്ടിച്ചിട്ട് ഇത് ഇസ്‌ലാമാണ്, ഇത് ക്രൈസ്ത വതയാണ് എന്ന് പറഞ്ഞതുകൊണ്ട് ആ വായന പൂർണമാകില്ല.

സമ്പൂർണമായ ഒരു ജീവിത പദ്ധതിയാണ് ഇസ്‌ലാം. ഈ സമ്പൂർണമായ ജീവി തപദ്ധതി മറ്റ് മതങ്ങളിലൊന്നുമില്ല. അതുകൊണ്ട് ലോകത്ത് എവിടെയെല്ലാം പുതിയ

പ്രത്യയശാസ്ത്രങ്ങളുണ്ടാകുന്നോ ആ പ്രത്യയശാസ്ത്രങ്ങളെല്ലാം മതങ്ങളെ വായിക്കാൻ ശ്രമിക്കാറുണ്ട്. ഇസ്‌ലാമിനെ വായിച്ചിട്ടുണ്ട്, ക്രൈസ്തവതയെ വായിച്ചിട്ടുണ്ട്, ലോകത്തൊക്കെ ഈ വായന നടക്കുന്നുണ്ട്. ഇന്ത്യയിലും കേരളത്തിലും നടന്നിട്ടുണ്ട്. കേരളത്തിൽ കൊളോണിയൽ കാലത്ത് വായിച്ചിട്ടുണ്ടാകാം. ആ കാലഘട്ടത്തിൽ ഇസ്‌ലാമിനെ മാറ്റിനിർത്തിയിട്ടുണ്ടാകാം. ഉപരിതലത്തിൽ വർഗീയമായ വിഭാഗീയത സൃഷ്ടിക്കുന്നതിന്റെ ഭാഗമായിട്ടായിരിക്കാം ആ വായന നടന്നിട്ടുള്ളത്. ഗാന്ധി ഇസ്‌ലാമിനെ വായിച്ചിട്ടുണ്ട്. ഗാന്ധി ഇസ്‌ലാമിനെ വായിച്ചത് ഒരു ദർശനത്തിന്റെ തലത്തിലാണ്. ഗാന്ധി മുന്നോട്ടുവെക്കുന്ന സത്യഗ്രഹത്തിൽ ഇസ്‌ലാമിന്റെ ചില ചിന്തകളുണ്ട് എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അദ്ദേഹത്തിന്റെ മൗനവ്രതത്തിൽ, അദ്ദേഹം മനസ്സിനെ പീഡിപ്പിക്കുമ്പോൾ ഇസ്‌ലാമിന്റെ ചില നിയന്ത്രണങ്ങൾ നോമ്പുമായി ബന്ധപ്പെട്ട് സ്വന്തത്തെ പീഡിപ്പിച്ചു കൊണ്ട് മറ്റുള്ളവരെ നന്മയിലേക്കാകർഷിക്കുന്ന ഒരു വലിയ ദർശനം അതിനു പിന്നിലുണ്ട്. അത് ഗാന്ധിയെ സ്വാധീനിച്ചു. ഇസ്‌ലാമിന്റെ സത്ത അഥവാ ഇസ്‌ലാമിന്റെ ജലാംശം ഇന്ത്യൻ രാഷ്ട്രീയത്തിൽ പൊളിറ്റിക്കൽ ഐഡിയോളജിയുടെ ഭാഗമായി മാറിയിട്ടുണ്ട് എന്ന് കാണാൻ കഴിയും. അതുകൊണ്ട് വാസ്തവത്തിലിവിടെ ഇസ്‌ലാം അപരനാവുകയല്ല, ആ പൊളിറ്റിക്കൽ ദർശനത്തിന്റെ ഭാഗമാവുകയാണ് ചെയ്തിട്ടുള്ളത്. ഇങ്ങനെ ഓരോ പ്രത്യയശാസ്ത്രങ്ങൾ വരുമ്പോഴും ഇസ്‌ലാമിനെ വായിക്കും. മാർക്സിസം വന്നപ്പോഴും ഇസ്‌ലാമിനെ വായിച്ചിട്ടുണ്ട്. ഇ.എം.എസ് ഇസ്‌ലാമിനെ വായിച്ച് കലാപമുണ്ടാക്കിയത് നമ്മൾ കണ്ടു. കേരളത്തിൽ ഇങ്ങനെ ഇസ്‌ലാമിനെ സമകാലികമായി വായിക്കുന്നത് ഇവിടത്തെ വോട്ടുബാങ്കിനുവേണ്ടി ഇസ്‌ലാമിനെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നാലോചിച്ചു കൊണ്ടാണ്. ആ വായനയല്ല എഴുത്തുകാരൻ വായിക്കേണ്ടത്. എഴുത്തുകാരന്റെ ഇസ്‌ലാം വായന വരേണ്ടത് ഇങ്ങനെ ഉപരിതല സ്പർശിയായല്ല, മറിച്ച് ഇസ്‌ലാം മുന്നോട്ടുവെക്കുന്ന സമാന ദർശനത്തിന്റെ ഭാഗമായിട്ടാണ്.

സ്നേഹത്തിന്റെയും സഹവർത്തിത്വത്തിന്റെയും സാഹോദര്യത്തിന്റെയും അംശങ്ങളെക്കാൾ പ്രപഞ്ചവും മർത്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇസ്‌ലാം ചിന്തിക്കുന്നുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇസ്‌ലാം ചിന്തിക്കുന്നുണ്ട്. വ്യക്തിയും രാഷ്ട്രീയവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇസ്‌ലാം ചിന്തിക്കുന്നുണ്ട്. പൗരനും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇസ്‌ലാം ചിന്തിക്കുന്നുണ്ട്. ഇതിലെങ്ങനെ ഒരു സർഗാത്മക സാഹിത്യകാരൻ തന്റെ എഴുത്തിന്റെ ഭാഗമായി ഇസ്‌ലാമിനെ കൊണ്ടുവരും? ഇതാണ് ഇസ്‌ലാമിന്റെ വായനയിൽ പ്രധാനപ്പെട്ട വിഷയമായിരിക്കേണ്ടത്. ഈ വായനയാണ് ഇസ്‌ലാമിൽ നടക്കുന്നതെങ്കിൽ, ഇസ്‌ലാമിനെ തെറ്റിദ്ധരിക്കേണ്ട കാര്യമില്ല. പക്ഷേ, ലോകത്തേറ്റവും തെറ്റിദ്ധരിക്കപ്പെട്ട മതമാണ് ഇസ്‌ലാം. ഇന്ന് ഏറ്റവും സംഘർഷമനുഭവിക്കുന്ന മതമായി ഇസ്‌ലാം മാറിയിട്ടുണ്ട്. ഇതെന്തുകൊണ്ട് സംഭവിച്ചു എന്ന് വിശകലനം ചെയ്യേണ്ട ബാധ്യത എഴുത്തുകാരനുണ്ട്. ഏതെഴുത്തുകാരനായാലും ശരി, അവൻ ജനിച്ച മതം നോക്കിയിട്ടോ അവൻ ജനിച്ച പ്രത്യയശാസ്ത്രം നോക്കിയിട്ടോ അല്ല അത്. നമ്മുടെ സാമൂഹിക, രാഷ്ട്രീയ, വൈയക്തിക, ദാർശനിക, പ്രകൃതിബോധവുമായി ബന്ധപ്പെട്ടുള്ള എല്ലാ വിശകലനങ്ങളിലും ഇസ്‌ലാമിക ദർശനത്തിന് ബന്ധമുണ്ട്. അതുകൊണ്ട് കേരളീയനെ സംബന്ധിച്ച്, അല്ലെങ്കിൽ ഭാരതീയനെ സംബന്ധിച്ച് ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെടേണ്ട ഒന്നല്ല എന്ന് വിചാരിക്കുന്ന ഒരാളാണ് ഞാൻ. നമുക്ക് ചരിത്രത്തിലേക്ക് പോകാം. കുഞ്ഞാലിമരക്കാരുടെ ചരിത്രം നമുക്ക്

വിശകലനം ചെയ്യാം. എല്ലാ കാലഘട്ടത്തിലും ഇന്ത്യാ മഹാരാജ്യത്തിലേക്ക് കടന്നു വന്ന അധീശ ശക്തികളുടെ നിയന്ത്രങ്ങൾക്കെതിരെ പലപ്പോഴും ഇസ്ലാം പ്രതിരോധം ഉയർത്തിയിട്ടുണ്ട്.

*ഖസാക്കിന്റെ ഇതിഹാസ*ത്തിലെ രവി അസ്തിത്വ ദർശനം അന്വേഷിച്ചു നടക്കുന്ന ഒരു കഥാപാത്രമാണ്. ശൂന്യതയെക്കുറിച്ച് വാചാലനാകുന്ന കഥാപാത്രമാണ്. പക്ഷേ, അദ്ദേഹം കൊണ്ടുവരുന്ന ഏകാധ്യാപക വിദ്യാലയം ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്ന ഒന്നാണ്. ആ ഏകാധ്യാപക വിദ്യാലയത്തിലൂടെ വരുന്ന ഇംഗ്ലീഷ് ആധിപത്യത്തെ, അധിനിവേശത്തെ ആദ്യം പ്രതിരോധിക്കുന്നത് ഖസാക്കിലെ ഇസ്ലാമാണ്, മുസ്ലിം സമുദായമാണ്, അവിടുത്തെ റാവുത്തർമാരാണ്. വിജയൻ പോലും അങ്ങനെ ചെയ്യേണ്ടിവന്നു. ഒരുപക്ഷേ വിജയനങ്ങനെ അറിയാതെ എഴുതിപ്പോയിരിക്കാം. ഇതിനർഥം കേരളത്തിന്റെ ഏത് ദേശത്തിന്റെ സംസ്കാരത്തിലും എവിടെയെല്ലാം പ്രതിരോധത്തിന്റെ അംശം ഉയർന്നിട്ടുണ്ടോ, ആ പ്രതിരോധത്തിന്റെ അംശത്തിൽ എല്ലാ വിഭാഗങ്ങൾക്കുമൊപ്പം ഇസ്ലാമിന്റെയും ഒരു കരസ്പർശം ഉണ്ടായിരുന്നു; ബഷീറിന്റെ നോവലുകളിലുണ്ട്, പി.സി കുട്ടികൃഷ്ണന്റെ *ഉമ്മാച്ചു*വിലുണ്ട്; ആ കൃതികളിലെല്ലാം ഇസ്ലാം കടന്നുവരുന്നുണ്ട്. കവിതകളിൽ ഇസ്ലാം കടന്നുവരുന്നുണ്ട്; ഒരു ഘട്ടത്തിൽ കുമാരനാശാൻ ഇസ്ലാമിനെ ചീത്ത പറഞ്ഞിട്ടുണ്ട്. പഴയ മാപ്പിള ലഹളയുമായി ബന്ധപ്പെട്ട സാഹചര്യത്തിൽ *ദുരവസ്ഥ* എഴുതുമ്പോൾ കുമാരനാശാൻ ഇസ്ലാമിനെ ചീത്ത പറയുന്നുണ്ട്. അതൊക്കെ ഓരോ വായനകളാണ്. ആര് എന്തൊക്കെപ്പറഞ്ഞാലും എന്റെ വായനയിൽ, ഇന്നുവരെയുള്ള എന്റെ സഹവർത്തിത്വത്തിൽ എന്റെ സ്നേഹബന്ധങ്ങളിൽ എന്റെ സാമുദായിക ബന്ധങ്ങളിൽ ഇസ്ലാം ഒരു ജലാംശമായി നിലനിൽക്കുന്നുണ്ട്. അതിൽ യാതൊരു തർക്കവുമില്ല. അതുകൊണ്ട് ഇസ്ലാമിനെ മാറ്റിനിർത്താൻ നമുക്ക് സാധിക്കുകയില്ല. സ്വാമി വിവേകാനന്ദൻ ഇന്ത്യയെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹത്തിനൊരു സിദ്ധാന്തം പ്രയോഗിക്കേണ്ടി വന്നു. ഒരു സമഷ്ടി വിജ്ഞാനത്തെക്കുറിച്ച് ആലോചിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: പ്രത്യേകമായ ഐക്യ സിദ്ധാന്തം ഇന്ത്യയിൽ കൊണ്ടുവരേണ്ടതുണ്ട്. ഹൈന്ദവനാണദ്ദേഹം. ഹിന്ദുദർശനത്തെക്കുറിച്ചാണദ്ദേഹം വാചാലനായത്. ഭഗവത്ഗീതയെക്കുറിച്ച് അദ്ദേഹം പറയുന്നുണ്ട്. ഇന്ത്യയുടെ സാമൂഹിക വ്യവസ്ഥയെ അടിസ്ഥാനമാക്കിയെടുക്കുമ്പോൾ എല്ലാ മതവിഭാഗങ്ങളും ചേർന്നുള്ള ഒരു തന്ത്രത്തെക്കുറിച്ചു മാത്രമേ, ഒരു രാഷ്ട്രത്തെക്കുറിച്ചു മാത്രമേ ഭാവനചെയ്യാൻ കഴിയൂ എന്ന് കൂടി സ്വാമി പറഞ്ഞുവെച്ചിട്ടുണ്ട്. അതൊരു ബഹുസ്വരതയാണ്. ബഹുസ്വരതയെന്ന് പോസ്റ്റ് മോഡേണിസ്റ്റുകൾ പറയുന്നതിൽ തെറ്റൊന്നുമില്ല. ബഹുസ്വരത എന്ന് പറയുന്നത് ഡമോക്രസി ആണ്. അത് ജനാധിപത്യത്തിൽ അംഗീകരിക്കപ്പെട്ട ഒന്നാണ്. അതുകൊണ്ടാണ് മഹാത്മാഗാന്ധി ചോദിച്ചത്, നിങ്ങൾ ഹിന്ദുമതത്തെക്കുറിച്ച് പഠിച്ചോ, ഹിന്ദുമതം വായിച്ചോ? ഹിന്ദുവായിരിക്കാം. പക്ഷേ, നിങ്ങൾക്ക് ധാർമികമായി ഇസ്ലാമിന്റെ മതഗ്രന്ഥങ്ങൾ വായിക്കാനുള്ള അവകാശം ഈ രാഷ്ട്രത്തിലുണ്ട്. അത് വായിക്കണം. അല്ലെങ്കിൽ നിങ്ങൾക്ക് മുന്നോട്ടു പോകാൻ കഴിയില്ല. അതുകൊണ്ട് നമുക്കത് വായിക്കാം. മനുഷ്യനെ തിരിച്ചറിയാൻ ശ്രമിച്ച ഒരു മത ദർശനമാണ്, ഒരു പ്രായോഗിക പദ്ധതിയാണ് ഇത്. പക്ഷേ, അവിടെ മിത്തോളജിയില്ല. ദർശനമേ ഉള്ളൂ. ഈ മിത്തോളജിയില്ലാത്തതുകൊണ്ട് സാഹിത്യകാരന്മാരെല്ലാം വെറും മുസ്ലിം കഥാപാത്രങ്ങളെ മാത്രം ഉപയോഗിച്ചു. അതാണ് പ്രശ്നമായത്. ഈ മതത്തിൽ മിത്തുകൾ കടന്നുവന്നില്ല. കഥാപാത്രങ്ങളെ ഉപയോഗിച്ച് ഞങ്ങൾ

ഇസ്ലാമിനെ എഴുതുന്നു എന്നാണവർ പറയുന്നത്. അതല്ല ഇസ്ലാം. കഥാപാത്രങ്ങളിലൂടെയല്ല ഇസ്ലാം വരേണ്ടത്. ഇസ്ലാമിൽ ഒരു ദർശനമുണ്ട്. അത് പ്രപഞ്ചത്തെയും മനുഷ്യനെയും ബന്ധപ്പെടുത്തുന്നതാണ്. അത് മനുഷ്യനെയും മനുഷ്യനെയും ബന്ധപ്പെടുത്തുന്നതാണ്. അത് പൗരനെയും രാഷ്ട്രത്തെയും ബന്ധപ്പെടുത്തുന്നതാണ്. ആ ദർശനമാണ് വായിക്കേണ്ടത്. ആ അർഥത്തിൽ അത് വായിക്കുമ്പോൾ ഒരപരത്വത്തിന്റെയോ സങ്കീർണതയുടെയോ സംഘർഷത്തിന്റെയോ പ്രശ്നമില്ല. ഇത് നമുക്ക് വിനീതമായി സ്വീകരിക്കാം. നമ്മൾ വിനീതത്വം കാണിക്കണം. സഹിഷ്ണുത കാണിക്കണം. അതോടൊപ്പം ഇസ്ലാമിന് അതിലെ ആശയങ്ങൾക്ക് മറ്റൊരു അവസ്ഥയുണ്ട്. പലപ്പോഴും സമൂഹത്തിനെതിരായി വരുന്ന കാഴ്ചപ്പാടുകളെ ലംഘിക്കാനുള്ളൊരു വാസന ഈ മതം നമുക്ക് നൽകുന്നുണ്ട്. എനിക്കു തോന്നുന്നു മഹാത്മാഗാന്ധിക്ക് നിയമലംഘനം എന്ന ഒരാശയം ഉപദേശിച്ചത്, അറിയാതെ പറഞ്ഞുകൊടുത്തത് ഈ മതമാണ്. ബഷീർ തന്റെ എഴുത്തിൽ നിയമലംഘനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ, ആ നിയമലംഘനങ്ങളാണ് ബഷീറിനെ സാഹിത്യകാരനാക്കിയിട്ടുള്ളതെങ്കിൽ അതിനദ്ദേഹം തന്റെ മതത്തിന്റെ ദർശനം ഉൾക്കൊണ്ടിട്ടുണ്ട് എന്നാണ് അതിനർഥം. ഈ നിയമലംഘനം അനിവാര്യമായ ഘട്ടങ്ങളിൽ വേണം എന്ന് ആന്തരികമായി അനന്ത സാധ്യതകളെക്കുറിച്ചുള്ള അറിവുകൾ നമുക്ക് നൽകുന്ന മതം നമ്മെ പഠിപ്പിക്കുന്നുണ്ട്, എനിക്കത് ബോധ്യപ്പെട്ടിട്ടുമുണ്ട്. ■

(തൃശൂരിലെ ദിശ എക്സിബിഷനോടനുബന്ധിച്ച് നടന്ന സാംസ്കാരിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം)